**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4002** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമന അനുപാതം 5:1:1:1 എന്നതിൽ കുറവ് വരുത്തിക്കൊണ്ട് സ്പെഷൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ; | (എ) | ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമന അനുപാതം 5:1:1:1 എന്നതിൽ കുറവ് വരുത്തിക്കൊണ്ട് സ്പെഷൽ റൂൾ ഭേദഗതി ചെയ്തിട്ടില്ല. |
| (ബി) | സ്പെഷൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ (ഫയൽ നമ്പർ ആയുഷ് ബി3/213/2022) പ്രകാരം നേഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക് വിഭാഗങ്ങൾക്ക് മെഡിക്കൽ ഓഫീസർ (ബൈട്രാൻസ്ഫർ) നിയമനത്തിൽ ഓരോ വിഭാഗത്തിനും എത്ര ശതമാനം ഒഴിവുകളാണ് നീക്കി വെക്കാൻ പുതിയ നിയമഭേദഗതി പ്രകാരം നിർദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; അതോ ഓരോ വിഭാഗത്തിനും പ്രത്യേക റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുമോയെന്നും നിലവിലുള്ള 5:1:1:1 എന്ന അനുപാതം തുടരുമോയെന്നും അറിയിക്കുമോ? | (ബി) | ഹോമിയോപ്പതി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ ബൈ ട്രാൻസ്ഫർ വിഭാഗത്തിനായി മാറ്റിവെച്ച ഒഴിവുകൾ സംബന്ധിച്ച് ഭേദഗതി ഒന്നും ശിപാർശ ചെയ്തിട്ടില്ല. നേഴ്സ്, ഫാർമസിസ്റ്റ്, ക്ലർക്ക് എന്നീ ഓരോ വിഭാഗത്തിനും പ്രത്യേക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ 5:1:1:1 എന്ന അനുപാതത്തിന് ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ